കേരള സർക്കാർ

<u>സംഗ്രഹം</u>

**വനിതശിശു വികസന വകുപ്പ്– ഇ–ജീവിക സോഫ്റ്റ് വെയർ അപ്ഡേഷൻ – അഞ്ചാം ഘട്ട പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

വനിതശിശു വികസന (ബി)വകുപ്പ്

**G.O.(Rt)428/2025/WCDD** **Dated,21/10/2025**

---

എ.എസ് നമ്പർ : AS/WCD/25/46678 കാലാവധി : 31/03/2026

പരാമർശം:-
1. വനിത ശിശു വികസന ഡയറക്ടറുടെ 18.08.2025-ലെ DWCD/3949/2025-ITI നമ്പർ കത്ത്.
2. 26.09.2025 ലെ രണ്ടാം വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം.

AS/WCD/25/46678

<u>ഉത്തരവ്</u>

വനിതാ ശിശു വികസന വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സി-ഡിറ്റ് മുഖേന ഇ-ജീവിക എന്ന സോഫ്റ്റ് വെയർ രൂപ കൽപ്പന ചെയ്ത് 2019-20 വർഷം മുതൽ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സി-ഡിറ്റിന്റെ ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ സേവനത്താൽ പ്രസ്തുത സോഫ്റ്റ് വെയറിൽ വിവിധ മൊഡ്യൂളുകളിൽ വിവരങ്ങൾ രേഖപ്പെടുത്തുകയും വിശകലനം ചെയ്യുന്നതിന് സാദ്ധ്യമാകത്തക്കവിധം സൂക്ഷിക്കുകയും ചെയ്തുവരുന്നു. ഇ-ജീവിക സോഫ്റ്റ് വെയർ, WCD വെബ്പോർട്ടൽ എന്നിവയുടെ system administration -ന്റെ ഭാഗമായി അഞ്ചാം ഘട്ടത്തിൽ 01/02/2024 മുതൽ 31/01/2025 വരെയുള്ള ഒരു വർഷത്തേയ്ക്ക് സി-ഡിറ്റിന്റെ ടെക്നിക്കൽ വിഭാഗം സ്റ്റാഫിന്റെ സേവനം വകുപ്പിന് ലഭ്യമാക്കൽ, ഇ-ജീവിക സോഫ്റ്റ് വെയർ, ഇ-ജീവികയുടെ 2 സബ് ഡൊമൈനുകൾ (schemes.wcd.kerala.gov.in, posh.wcd.kerala.gov.in) എന്നിവ സിഡിറ്റിന്റെ സെർവറിൽ ഹോസ്റ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ ലഭ്യമാക്കിയ ഇനത്തിൽ 15,03,537/-(പതിനഞ്ചു ലക്ഷത്തി മൂവായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഏഴു രൂപ മാത്രം) രൂപയുടെ പ്രൊജക്റ്റ് പ്രൊപ്പോസൽ സി ഡിറ്റിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ടെന്ന്

വനിതശിശു വികസന ഡയറക്ടർ അറിയിച്ചിരിക്കുന്നു. വകുപ്പ് നടപ്പാക്കുന്ന ധനസഹായ പദ്ധതികൾക്ക് അപേക്ഷ സമർപ്പിക്കുന്നത് വകുപ്പിന്റെ വെബ് സൈറ്റ് മുഖേനയാണെന്നും വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇ-ജീവിക സോഫ്റ്റ് വെയർ അപ്ഡേഷനും മെയിന്റനൻസും അത്യന്താപേക്ഷിതമാണെന്നും 2024-25 സാമ്പത്തിക വർഷം തുക അനുവദിക്കുവാൻ സാധിക്കാത്തതിനാൽ ഇ-ജീവിക സോഫ്റ്റ് വെയറിന്റെ അഞ്ചാം ഘട്ട പ്രവർത്തനങ്ങൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് സിഡിറ്റ് സമർപ്പിച്ചിട്ടുള്ള ചുവടെ ചേർത്തിരിക്കും പ്രകാരമുള്ള 15,03,537/-(പതിനഞ്ചു ലക്ഷത്തി മൂവായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ ശുപാർശ ചെയ്ത് ഇ-ജീവിക സോഫ്റ്റ് വെയർ - അഞ്ചാം ഘട്ട പ്രവർത്തനങ്ങൾക്കാവശ്യമായ 15,03,537/-(പതിനഞ്ചു ലക്ഷത്തി മൂവായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം) രൂപ 2025-26 സാമ്പത്തിക വർഷം 2235-02-001-89 (പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നല്കണമെന്ന് പരാമർശം (1) പ്രകാരം വനിതശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

| ?????? | **Particulars** | തുക **(അഞ്ചാം ഘട്ടം)** |
|---|---|---|
| 1 | Man Power Support of Technical Assistant | 7,45,104/- |
| 2 | Rent for Server Space and database support | 3,00,000/- (12 months x Rs 25000/-) |
| 3 | Hosting & Maintenance Service Charge | 2,29,080/- |
| 4 | Project Cost | 12,74,184/- |
| 5 | G S T ( 18% of the project cost ) | 2,29,353.12/- |
| **Total Amount** | | **15,03,537/-** |

ASWCD/25/46678

(2) 26.09.2025 ലെ രണ്ടാം വകുപ്പു തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടി പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിതശിശു വികസന വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇ-ജീവിക സോഫ്റ്റ് വെയർ അപ്ഡേഷനും മെയിന്റനൻസും അത്യന്താപേക്ഷിതമാകയാൽ ഇ-ജീവിക സോഫ്റ്റ് വെയറിന്റെ അഞ്ചാം ഘട്ട പ്രവർത്തനങ്ങൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് സിഡിറ്റ് സമർപ്പിച്ചിട്ടുള്ള 15,03,537/-(പതിനഞ്ചു ലക്ഷത്തി മൂവായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച്, കഴിഞ്ഞ സാമ്പത്തിക വർഷം ഇ-ജീവിക സോഫ്റ്റ് വെയർ- അഞ്ചാം ഘട്ട പ്രവർത്തനങ്ങൾക്കായി ചെലവാക്കിയ 15,03,537/-(പതിനഞ്ചു ലക്ഷത്തി മൂവായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം) രൂപ, 2025-26 സാമ്പത്തിക വർഷം

2235-02-001-89 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിയ്ക്കുന്നതിനുള്ള അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-001-89-00-00-0-P-V | 15,03,537 | AS/WCD/25/46678 | 2026-03-31 |

പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ഇജീവിക സോഫ്റ്റ് വെയറിന്റെ അഞ്ചാം ഘട്ട അപ്ഡേഷൻ തുക അനുവദിക്കുന്നത് | 15,03,537 |
| ആകെ (പതിനഞ്ച് ലക്ഷത്തി മൂവായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഏഴ് രൂപ) | | **15,03,537** |

AS/WCD/25/46678

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

വനിത ശിശു വികസന ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വനിതശിശു വികസന (എ) വകുപ്പ്
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

SANTHOSHKUMAR T K